
Monthly Price: 4 Year: 2011

# ബൈബിൾ ട്രൂത്ത്



# THE BIBLE TRUTH

## മനുഷ്യന്റെ ആത്മാവിന്റെ വഴികൾ-സഭാപ്രസംഗി 12: 7

**നമ്മുടെ ആത്മാവ് ദൈവത്തിൽ നിന്നു വരുന്നു.**
**എബ്രായർ 12.9**

അവന്റെ രൂപത്തിൽ നമ്മുടെ ആത്മാവിനെ മെനഞ്ഞിരിക്കുന്നു-1കൊരിന്ത്യർ 15:49

ആദാമിൽനിന്നും എല്ലാവരും വന്നു-പ്രവൃത്തി.17:26
നാം അവനെ പോലെയാകുന്നു.

ഞാൻ ശിശുവായിരുന്നപ്പോൾ ശിശുവിനെപ്പോലെ സംസാരിച്ചു-1കൊരിന്ത്യർ 13:11
ദൈവരാജ്യം അങ്ങനയുള്ളവരുടേതല്ലോ.
ലൂക്കൊസ് 18:16.

ആത്മാവിന്റെ പക്വതാ നടപടി (മനസ്, ഹൃദയം, മനസാക്ഷി) ശരീരത്തിന്റേയും.

പാപം ആത്മീയ മരണത്തെ കൊണ്ടുവരുന്നു-
റോമർ 5:12

നന്മതിന്മകളെകുറിച്ചുള്ള അറിവു എല്ലാവരിലും ഉള്ളതുകൊണ്ട് നാമെല്ലാം പാപം ചെയ്യുന്നു- ഉല്പത്തി. 3:22; 1കൊരിന്ത്യർ 15:22; റോമർ 3:23

ഈ സമയത്ത് രണ്ട് പോയിന്റ്:

1. തിന്നുവാനും കുടിക്കുവാനും ആനന്ദിക്കുവാനും തുടങ്ങുന്നു 1കൊരിന്ത്യർ 15:32.

   മോശം

   ഫലം: റോമർ 1:18-22; എഫേസ്യർ 4:17-19. 1കൊരിന്ത്യർ 6:9,10
2. പ്രവൃത്തി 2:38; 1കൊരിന്ത്യർ 6:11

**പുതിയ ജനനം**
**1പത്രോസ് 1:22, 23**

ദൈവവചനം കേൾക്കുന്നു അത് വിശ്വസിക്കുന്നു
റോമർ 10:13-15

മാനസാന്തരപ്പെട്ട് പുതിയ നിയമത്തെ സ്വീകരിക്കുന്നു-പ്രവൃത്തി. 3:19;
എബ്രായർ 8:10-12

യേശുവിനോടുചേരുവാൻ സ്നാനം ഏല്ക്കുന്നു- പ്രവൃത്തി. 8:34-39; റോമർ 6:5-11.

കഴുകുന്നു, വിശുദ്ധീകരിക്കുന്നു, നീതീകരിക്കപ്പെടുന്നു

# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 26** **June 2011** **No.3**

# എഡിറ്റോറിയൽ

മതം രാഷ്ട്രീയത്തിൽ ഇടപെടുന്നത് തെറ്റില്ല എന്നു ഒരു വിഭാഗം ആളുകളും, ഇടപെടുന്നത് ശരിയല്ല എന്ന് വേറൊരു വിഭാഗം ആളുകളും കരുതുകയും അതിനെ കുറിച്ച് വിവാദങ്ങൾ മാദ്ധ്യമങ്ങളിലൂടെ പുറത്തു വരികയും ചെയ്തിട്ടുണ്ട്. എന്നാൽ അതിലുള്ള നീതിയും അനീതിയും നാം വേർതിരിച്ചു കാണേണ്ടതുണ്ട്. എന്താണ് മതം എന്നു നാം ആദ്യം തന്നെ മനസിലാക്കണം. മതം എന്ന വാക്കിന്റെ അർത്ഥം അഭിപ്രായം എന്നാണ്. അഭിപ്രായസ്വാതന്ത്ര്യം എല്ലാ മനുഷ്യർക്കും ഉണ്ട്. അതു മനുഷ്യാവകാശത്തിൽ പെടുന്നതാണ്. ഒരാളുടെ അഭിപ്രായത്തോട് വേറൊരാൾക്ക് യോജിക്കാം അല്ലെങ്കിൽ വിയോജിക്കാം. അതിനുള്ള സ്വാതന്ത്ര്യം ആ വ്യക്തിക്കുണ്ട്. ചില ആളുകൾ സാമുദായിക ആചാരങ്ങളെ മതമായി കണക്കാക്കുന്നുണ്ട്. അതു മതമല്ല. അങ്ങനെയുള്ള ചടങ്ങുകളാണ് മതമെന്ന തെറ്റിദ്ധാരണ പരന്നിട്ടുണ്ട്. വാസ്തവത്തിൽ അതൊന്നുമല്ല മതം. ഇനി ആത്മികമായ കാര്യങ്ങളാണ് അവർ ഉദ്ദേശിക്കുന്നതെങ്കിൽ അതിന് മതവുമായി ഒരു ബന്ധവുമില്ല എന്ന യാഥാർത്ഥ്യം ഓരോരുത്തരും മനസിലാക്കണം.

ഇനി രാഷ്ട്രീയമെന്ന് അവർ ഉദ്ദേശിക്കുന്നതു ലോകപ്രകാരമുള്ള ഭരണമാണെങ്കിൽ അവിടെ അനീതിയോ അക്രമമോ അധാർമ്മികതയോ കാണുകയാണെങ്കിൽ അതു തുറന്നു പറയുവാനുള്ള അവകാശം ഒരു രാജ്യത്തിലെ ഓരോ പൗരനുമുണ്ട് എന്ന് എല്ലാവരും മനസിലാക്കണം. അത് ഒരിക്കലും രാഷ്ട്രീയത്തിൽ ഇടപെടലല്ല പിന്നെ രാഷ്ട്രീയപാർട്ടികളുടെ അല്ലെങ്കിൽ അത്തരം സംഘടനകളുടെ ആഭ്യന്തരകാര്യങ്ങളിൽ മറ്റുള്ളവർ കൈകടത്തുന്നത് ശരിയല്ല. അതു തിരിച്ചും വാസ്തവമാണ്

ശരിയും തെറ്റും വിവേചിച്ച് പ്രവർത്തിക്കുവാനുള്ള ബാധ്യത വ്യക്തിപരമാണ്. ഒരു വ്യക്തിയുടേയോ ഒരു സംഘടനയുടേയോ അഭിപ്രായമോ ആശയമോ മറ്റൊരു വ്യക്തിയേയോ സമുദായത്തേയോ അടിച്ചേല്പിക്കുന്നതു ശരിയായ പ്രവർത്തി ആയിരിക്കയില്ല. അവിടെയാണ് നാം സമാധാനത്തിനുള്ളത് ചിന്തിക്കേണ്ടത്. ഒരു സമുദായമായാലും രാഷ്ട്രീയ സംഘടനയായാലും വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കുന്നത് ആപൽക്കരമാണ്. നീതിക്കും അനീതിക്കും തമ്മിൽ യാതൊരു ബന്ധവുമില്ല. സാമൂഹ്യനന്മയാണ് രാഷ്ട്രീയ സംഘടനകളുടെ ഉദ്ദേശമെങ്കിൽ, മനുഷ്യർക്കുള്ളിലെ ആന്തരിക വ്യക്തിത്വത്തെ വളർത്തുന്നതായിരിക്കണം ആത്മീയത. നമ്മിലെല്ലാവരിലും ചില മനോഗുണങ്ങൾ ദൈവം നൽകിയിട്ടുണ്ട്. ശിശുക്കൾ ജനിക്കുമ്പോൾ അവരിൽ നമുക്ക് അത് ദർശിക്കാം. പക്ഷെ അവർ ഏതു മാതാപിതാക്കളുടെ സംരക്ഷണയിലാണോ വളരുന്നത് അതനുസരിച്ചായിരിക്കും അവരിലെ നന്മയും തിന്മയും വളരുന്നത്.

മതത്തിന്റെ പേരിലായാലും രാഷ്ട്രീയത്തിന്റെ പേരിലായാലും സമുഹത്തിൽ പകയും വിദ്വേഷവും വളർന്നു വരുന്നതു നല്ല പ്രവണതയല്ല. എല്ലാവരേയും സമഭാവനയോടെ കാണുകയും അന്യോന്യമുള്ള ബന്ധം നല്ല നിലയിൽ സൂക്ഷിക്കുകയും വേണം. അതിനാണ് എല്ലാവരും ശ്രമിക്കേണ്ടത്. കായികബലത്താലും സംഘടനാ ശക്തിയാലും ഓരോ കാര്യം സാധിക്കുന്നതും യോഗ്യരായ മറ്റുള്ളവരുടെ അവസരം കവർന്നെടുക്കുന്നതും തെറ്റാണ്. മനുഷ്യരുടെ ആയുസ് ദീർഘമല്ല എന്ന തിരിച്ചറിവ് നമുക്ക് ചെയ്യുവാനുള്ള കാര്യങ്ങൾ ധ്രുതഗതിയിലാക്കുവാൻ സഹായകരമാകും. സത്യസന്ധത എല്ലാ മനുഷ്യർക്കും ആവശ്യമാണ്. ആത്മാർത്ഥതയില്ലാത്തതും സ്വാർത്ഥവുമായ പ്രവൃത്തി മതത്തിലായാലും രാഷ്ട്രീയത്തിലായാലും അതു ദോഷഫലമേ ഉളവാക്കയുള്ളു.

എക്കാലത്തും മനുഷ്യർ ആഗ്രഹിക്കുന്നത് സ്വസ്ഥമായ ജീവിതം നയിക്കുവാനാണ്. ഭൗതികമായ ഉയർച്ചയും എല്ലാവരുടേയും ലക്ഷ്യമാണ്. നന്മയും സ്വസ്ഥതയും ആദ്യം മനസിനുണ്ടാകണം. എങ്കിലേ പുറമെ കാണപ്പെടുകയുള്ളു. ദൈവവുമായുള്ള മനുഷ്യന്റെ ബന്ധം ശരിയായി വരുമ്പോഴാണ് ആ വ്യക്തിയിൽ സമാധാനമുണ്ടാകുന്നത്. യഥാർത്ഥ ദൈവഭക്തിയാണ് ജ്ഞാനത്തിന്റെ ആരംഭം. ദൈവകല്പന പ്രമാണിക്കുമ്പോഴാണ് നമുക്ക് സംതൃപ്തിയുണ്ടാകുന്നത്. അതിൽകൂടെ മാത്രമെ നമ്മുടെ ജീവിതം അർത്ഥപൂർണ്ണമാകയുള്ളു.

✶

# യജമാനന്മാരേ രക്ഷ പ്രാപിപ്പാൻ ഞാൻ എന്തു ചെയ്യേണം?

## *J.C* ചോട്ട്

രക്ഷിക്കപ്പെടുവാൻ കർത്താവായ യേശുവിൽ എല്ലാവരും വിശ്വസിക്കയത്രേ വേണ്ടതെന്നു അടുത്ത സമയത്തു ഒരു റേഡിയോ പ്രഭാഷകൻ പ്രസംഗിച്ചതു ഞാൻ കേട്ടു. അപ്പൊസ്തല പ്രവൃത്തികൾ പതിനാറാം അദ്ധ്യായത്തിലെ കാരാഗൃഹ പ്രമാണിയുടെ പരിവർത്തനത്തെ പരാമർശിച്ചുകൊണ്ടായിരുന്നു അദ്ദേഹം പ്രസംഗിച്ചതു. ക്രിസ്തുവിനെ പ്രസംഗിച്ചു എന്ന കുറ്റം ചുമത്തി പൗലൊസിനെയും ശീലാസിനെയും പിടിച്ചു അടിപ്പിച്ചു അകത്തേ തടവിലാക്കി കാലുകൾ ആമത്തിലിട്ടു പൂട്ടിയിരുന്നു. എന്നാൽ അർദ്ധരാത്രിയിൽ പൗലൊസും ശീലാസും ദൈവത്തെ പാടി സ്തുതിച്ചു പ്രാർത്ഥിച്ചു കൊണ്ടിരുന്നത് മറ്റു തടവുകാർ കേട്ടു. പെട്ടെന്നു വലിയോരു ഭൂകമ്പം ഉണ്ടായി. കാരാഗൃഹത്തിന്റെ അടിസ്ഥാനം കുലുങ്ങി. വാതിൽ ഒക്കെയും തുറന്നു. എല്ലാവരുടേയും ചങ്ങല അഴിഞ്ഞു വീണു. കാരാഗൃഹ പ്രമാണി ഉറക്കമുണർന്നു. കാരാഗൃഹത്തിന്റെ വാതിലുകൾ തുറന്നിരിക്കുന്നത് കണ്ടിട്ട്. ചങ്ങലക്കാർ ഓടിപ്പൊയ്ക്കളഞ്ഞു എന്നു ഊഹിച്ച് വാളൂരി തന്നെത്താൻ കൊല്ലുവാൻ ഭാവിച്ചു. അപ്പോൾ പൗലൊസ്: നിനക്കു ഒരു ദോഷവും വരുത്തരുത്, ഞങ്ങൾ എല്ലാവരും ഇവിടെ ഉണ്ടല്ലോ എന്നു ഉറക്കെ വിളിച്ചു പറഞ്ഞു. അവൻ വെളിച്ചം ചോദിച്ചുകൊണ്ടു പൗലൊസിന്റെയും ശീലാസിന്റേയും മുമ്പിൽ വീണു. പൗലൊസിനേയും ശീലാസിനേയും പുറത്തുകൊണ്ടുവന്നു അവരോട് യജമാനന്മാരേ, രക്ഷ പ്രാപിപ്പാൻ ഞാൻ എന്തു ചെയ്യേണം എന്നു ചോദിച്ചു. അതിനുള്ള മറുപടി "കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്ക എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും" എന്നായിരുന്നു.

നാം അവിടെ വായിച്ചു നിർത്തിയിട്ടു അവരുടെ പശ്ചാത്തലമോ തുടർന്നുള്ള വേദഭാഗമോ വായിക്കാതെയിരുന്നാൽ അപ്പോസ്തലന്റെ ഈ പ്രസ്താവനയിൽ മാത്രം നാം ഒതുങ്ങി നിന്നുപോകും. അങ്ങനെയായാൽ രക്ഷിക്കപ്പെടുവാനായി കർത്താവായ യേശുക്രി

സ്തുവിൽ വിശ്വസിച്ചാൽ മാത്രം മതി എന്നു ധരിച്ചു പോകും. മറ്റൊന്നും രക്ഷക്കായി ചെയ്യേണ്ടതില്ല എന്നും അനുമാനിച്ചു പോകും. അത്തരം തെറ്റിദ്ധാരണയാൽ അനേകം പേർ വഞ്ചിതരായിരിക്കയാണ്. നാം ശുദ്ധരായി തീരുവാൻ മറ്റെന്തെങ്കിലും ചെയ്യേണ്ടതായിട്ടുണ്ടോ എന്നു പരിശോധിക്കണം. തുറന്ന മനസോടെ മുഴുവൻ സത്യവും മനസിലാക്കണമെന്ന ആഗ്രഹമാണ് എല്ലാവർക്കും വേണ്ടത്. അതിനായി ചില ചോദ്യങ്ങൾ നാം ചോദിക്കയും അതിനു ഉത്തരം കണ്ടെത്തുകയും വേണം. സത്യം വേറൊന്നായിരിക്കെ സത്യത്തിന്റെ ഒരു ഭാഗം മാത്രം സ്വീകരിക്കുന്നതെന്തിനു? ആത്മാർത്ഥതയോടും സത്യസന്ധതയോടും കൂടെ ദൈവവഹിതം പൂർണ്ണമായി അറിഞ്ഞു കഴിഞ്ഞാൽ ദൈവത്താലുള്ള രക്ഷപ്രാപിക്കുവാൻ നമുക്കു കഴിയും. അതുറപ്പാക്കുകയാണ് നമ്മുടെ ലക്ഷ്യം.

യഥാർത്ഥത്തിൽ രക്ഷിക്കപ്പെടുവാൻ ദൈവം നിശ്ചയിച്ചിരിക്കുന്നതു എന്തെല്ലാമെന്നറിയുവാൻ ഏതാനും ചോദ്യങ്ങൾ ചോദിക്കണം. നാം മുമ്പു നോക്കിയ സംഭവത്തിലേക്കു തിരിച്ചു വരാം. ആരാണു ഇവിടെ പറയുന്ന കാരാഗൃഹ പ്രമാണി? അവന് ദൈവത്തെക്കുറിച്ചു അറിയാമോ? യേശുക്രിസ്തുവിനെക്കുറിച്ചു അവനെ എപ്പോഴെങ്കിലും പഠിപ്പിച്ചിട്ടുണ്ടോ? ഇതിനെ സംബന്ധിച്ച് യാതൊരു സൂചനയും നൽകിയിട്ടില്ല. യഥാർത്ഥ ദൈവത്തെ അറിയാതെ ജാതികളുടെ ദേവന്മാരെയും വിഗ്രഹങ്ങളെയും കുറിച്ചുള്ള അറിവായിരുന്നു പശ്ചാത്തലം. പൗലൊസിനെയും ശീലാസിനെയും തടവിലാക്കുവാനുള്ള കാരണം അവർ ക്രിസ്തുവിനെ പ്രസംഗിച്ചു എന്നതായിരുന്നു. പൗലൊസും ശിലാസും കാരാഗൃഹ പ്രമാണിയോടു നിങ്ങൾക്ക് ഒരു ദോഷവും വരുത്തരുത് എന്നു പറയുന്നതുവരെ അവൻ യേശുവിൽ വിശ്വസിച്ചിട്ടില്ലായിരുന്നു. ഭൂകമ്പം നിമിത്തം വാതിലുകൾ തുറക്കപ്പെട്ടപ്പോൾ ഇവർ അത്ഭുത മനുഷ്യർ എന്ന് അവൻ കരുതിക്കാണും. പൗലൊസിന്റെയും ശിലാസിന്റെയും ആത്മാർത്ഥതയെ കാരാഗൃഹ പ്രമാണി മാനിച്ചു. അനുതാപ ഹൃദയത്തോടെ കാരാഗൃഹപ്രമാണി പൗലൊസിന്റെയും ശിലാസിന്റെയും മുമ്പിൽ വീണു. ശിക്ഷക്കു വിധിക്കപ്പെട്ടു തടവിലാക്കപ്പെട്ട പൗലോസിനോടും ശിലാസിനോടും അവൻ ചോദിക്കുന്നു: രക്ഷ പ്രാപിപ്പാൻ ഞാൻ എന്തു ചെയ്യേണം. അതിനു പൗലോസും ശിലാസും, നീയും നിന്റെ

കുടുംബവും വാസ്തവത്തിൽ രക്ഷപ്രാപിപ്പാൻ ആഗ്രഹിക്കുന്നു എങ്കിൽ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്ക എന്നാൽ നീയും നിന്റെ കുടുംബവും രക്ഷിക്കപ്പെടും എന്നു പറഞ്ഞു. എന്നാൽ ഒന്നും അറിയാതെ എങ്ങനെ വിശ്വസിക്കും? അങ്ങനെ അവൻ അവനോടും അവന്റെ വിട്ടിലുള്ളവരോടും കർത്താവിന്റെ വചനം പ്രസംഗിച്ചു. എന്നാൽ എന്തിനാണു അവൻ അതു ചെയ്തതു? കാരണം വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു (റോമർ 10:17).

ആ റേഡിയോ പ്രഭാഷകന്റെ പ്രസംഗത്തിലേക്കു മടങ്ങിവരാം, അദ്ദേഹം സംഭവത്തിന്റെ പൂർണ്ണരൂപം നല്കുന്നില്ല. അല്ലെങ്കിൽ രക്ഷക്കുള്ള പൂർണ്ണമായ വിവരണം കൊടുക്കുന്നില്ല. ഒരു ഭാഗം മാത്രം എടുത്തുകൊണ്ടു രക്ഷക്കു അതു മതി എന്നു വരുത്തി തീർക്കുകയാണ് ചെയ്തതു. ഏതൊരു സന്ദർഭത്തിലെ പ്രസ്താവനയോ നിർദ്ദേശമോ നമുക്കു പ്രസംഗരുപത്തിൽ അവതരിപ്പിക്കാം. പക്ഷെ അതിലെ മുഴുവൻ കാര്യങ്ങളും പറയേണ്ടതുണ്ട്. ദൈവത്താൽ വെളിപ്പെടുത്തിയിരിക്കുന്ന സന്ദേശത്തിലെ ഉദ്ദേശം നാം കണക്കിലെടുക്കണം. ദൈവഹിതം നാം മുഴുവനും ആളുകൾക്കു ബോധ്യപ്പെടുത്തിക്കൊടുക്കണം. ഒരാൾക്കു കർത്താവിൽ വിശ്വാസം ഉണ്ടാകണം. അതു കർത്താവിന്റെ വചനം കേട്ടിട്ടാകണം. അതിവിടെ സംഭവിക്കുന്നുണ്ട്. അതിനുശേഷം സംഭവിക്കുന്ന് കാര്യങ്ങളെ പറയാതിരിക്കുന്നത് ശരിയല്ല. കാരാഗൃഹ പ്രമാണി മാനസാന്തരപ്പെടുകയും സ്നാനമേല്ക്കുകയും ചെയ്തിട്ടുണ്ട്. കർത്താവിൽ വിശ്വസിച്ചതുകൊണ്ടു അവനും അവന്റെ കുടുംബവും സന്തോഷിച്ചു.

കാരാഗൃഹ പ്രമാണിയും കുടുംബാംഗങ്ങളും ഇതുചെയ്യുവാൻ കാരണമെന്താണ്? യേശു മരിക്കുകയും അടക്കപ്പെടുകയും പിന്നീട് ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു. അതിനുശേഷം പ്രത്യക്ഷനായി കർത്താവു ശിഷ്യന്മാർക്കു കൊടുക്കുന്ന കൽപന എന്താണെന്നു നോക്കുക. "നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും"(മർക്കൊസ് 16:15,16). ആകയാൽ പൗലൊസും ശീലാസും അവനോടും കുടുംബത്തോടും സുവിശേഷം പ്രസംഗി

ച്ചു. അവനും കുടുംബവും കേട്ടു, വിശ്വസിച്ചു, മാനസാന്തരപ്പെട്ടു; സ്നാനമേറ്റു. കർത്താവിന്റെ വാഗ്ദാനമനുസരിച്ച് അവരെ രക്ഷിച്ചു. പൗലൊസിനും ശീലാസിനും അവർ ഭക്ഷണം ഒരുക്കി കൊടുക്കുകയും ചെയ്തു. എത്ര ഹൃദയ സ്പർശിയായ പരിവർത്തനം.

സത്യത്തിന്റെ ഒരു ഭാഗം മാത്രം പ്രസംഗിക്കുകയോ വ്യാജം പ്രസംഗിക്കുകയോ ചെയ്യുന്ന ആധുനിക പ്രാസംഗികരുടെ വാക്കുകൾ വിശ്വസിക്കാതെ ദൈവ വചനത്തിൽ പറഞ്ഞിരിക്കുന്ന ദൈവത്തിന്റെ ആലോചന പൂർണ്ണമായും ഗ്രഹിക്കുക. വിശ്വസിക്കയും വചനം അനുസരിക്കാതിരിക്കയും ചെയ്യുന്നതു ദൈവഹിതമല്ല. പാപത്തിൽ നിന്നു വിട്ടുതിരിയാതിരിക്കുന്നതും ദൈവേഷ്ടമല്ല. കർത്താവിന്റെ രക്ഷ അവനെ അനുസരിക്കുന്നവർക്കുള്ളതാണ്.

✶

# ദൈവവചനം നുറുക്കപ്പെട്ടതോ ബന്ധിക്കപ്പെട്ടതോ അടക്കപ്പെട്ടതോ അല്ല

**നോവേൽ. എം.**

ഏകവാല്യത്തിൽ അറുപത്താറു പുസ്തകങ്ങൾ അടങ്ങുന്ന ഒരു വലിയ ഗ്രന്ഥശാലയാണ് ബൈബിൾ. നാല്പതു എഴുത്തുകാരാൽ ആയിരത്തി അറുന്നൂറോളം വർഷമെടുത്തു എഴുതിയതാണ്. ക്രിയാത്മകവും പുരോഗമിക്കുന്നതുമായ ഏക സന്ദേശമാണ് അതിലുള്ളതു. ആധികാരികമായി അതു ദൈവീകമായതിനാൽ പൂർണ്ണമാണ് ഒരിക്കലും തെറ്റു പറ്റാനിടയില്ലാത്തതുമാണ്. ലോകത്തിന്റെ നിലനില്പിനും വ്യക്തികളുടെ പ്രയോജനത്തിനുമായി രൂപപ്പെടുത്തിയതാണ്. അതിന്റെ ലക്ഷ്യം നിത്യമാണ്. പ്രത്യുൽപാദന ശേഷിയും ശക്തിയും ഉൾക്കൊള്ളിച്ചിരിക്കുന്നു. അതു പൂർണ്ണമായും ദൈവശ്വാസീയമാണ്. ദൈവത്തിൽ നിന്നു മനുഷ്യർക്കായി നല്കിയ വെളിപ്പാടാണ് അത്.

ദൈവത്തിന്റെ അരുളപ്പാടുകളായ ബൈബിൾ മറ്റുപുസ്തകങ്ങളിൽ നിന്നും വേറിട്ടു നില്ക്കുന്നു. ഒരു മെഴുകുതിരിയുടെ പ്രകാശം സൂര്യപ്രകാശത്തിൽ ഒന്നുമല്ല. അതുപോലെ ബൈബിൾ പരിജ്ഞാനവുമായി മറ്റു ഗ്രന്ഥങ്ങളെ നോക്കുമ്പോൾ അവ ഒന്നുമല്ല എന്നു തെളിയും. ഏതു മേഖലയിലും മനുഷ്യൻ അറിഞ്ഞിരിക്കേണ്ട പരിജ്ഞാനം എല്ലാം വേദപുസ്തകത്തിൽ ഉണ്ട്. ഒന്നിനും അതിനു പുറത്തു പോകാത്തവിധം മഹത്വം നിറഞ്ഞു നില്ക്കുന്നു. ചരിത്രപരമായ സത്യമാണ് അതിൽ നിന്നു നമുക്കു കിട്ടുന്നതു. എഴുതപ്പെട്ട ഉടമ്പടികളിൽ നിന്നെല്ലാം വ്യത്യസ്തമായി ഒരു തികഞ്ഞ നിയമമാണതു. പ്രസ്താവനകളിലേയും പ്രവചനങ്ങളിലേയും കൃത്യത അതിന്റെ ഗവേഷകരെ അതിശയിപ്പിക്കുന്നതാണ്. ഭൂമിശാസ്ത്രപരമായ അതിലെ പരാമർശങ്ങൾ ഇന്നും വിശ്വസിക്കത്തക്കതായി നില്ക്കുന്നു.

പാറയെ ഉടയ്ക്കുന്ന ചുറ്റികപോലെയാണ് വചനം. അതു ഹൃദയത്തെയും മനസിനേയും നുറുക്കും. ആഴവും നീളവും വീതിയും എല്ലാം രൂപപ്പെടുത്തുവാൻ ശക്തമാണ് തിരുവെഴുത്തുകൾ. അടിമത്വത്തിൽ നിന്നു മോചിപ്പിക്കുന്നതും മറ്റൊന്നല്ല. ജീവിതത്തിലെ ഭയത്തെ അകറ്റി നിർത്തുന്ന പ്രകാശമാണതു. ഇരുട്ടു നമ്മെ ഭയപ്പെടുത്തും. എന്നാൽ ദൈവവചനം നമ്മെ ധൈര്യപ്പെടുത്തും. വേർപ്പെടുത്തുന്ന വേദന ദൂരീകരിച്ചു നിരപ്പിലെത്തിക്കുന്നതിനു സഹായിക്കുന്നതാണ് ബൈബിൾ. മരണത്തെയും പാതാളത്തെയും തോല്പിക്കുന്നതു ഈ സുവിശേഷ ശക്തി തന്നെയാണ്. ലോകം മനുഷ്യരെ പരാജയപ്പെടുത്തുമ്പോൾ ക്രിസ്തുവിന്റെ വചനം മുഖാന്തിരം നമ്മെ ദൈവം വിജയിപ്പിക്കുന്നു.

എല്ലാ മനുഷ്യരേയും ബാധിക്കുന്ന രീതിയിലുള്ള കാര്യങ്ങളാണ് വേദപുസ്തകത്തിലുള്ളതു. അതിലുള്ള കല്പനകളെ അനുസരിക്കുന്നവർക്കു അനേക അവകാശങ്ങൾ ഉള്ളതായി ചൂണ്ടികാണിക്കുന്നു. ലോകത്തെ സൃഷ്ടിച്ചതു മുതൽ ദൈവം വെളിപ്പെടുത്തിയ തന്റെ പ്രവൃത്തികളെ എല്ലാവരും അറിഞ്ഞിരിക്കണം. ദൈവ പദ്ധതിയെ മനുഷ്യർ എങ്ങനെ കാണുന്നു എന്നും മനുഷ്യന്റെ ദൂഷ്യവശങ്ങൾ എന്ത് എന്നും മുന്നറിയിച്ചു തന്നിരിക്കയാണ്. മനുഷ്യന്റെ നാശം എങ്ങനെ സംഭവിക്കുന്നു എന്നു എടുത്തു പറയുന്നുണ്ട്.

അതുപോലെ മനുഷ്യരിലുള്ള ആത്മാവിന്റെ അവസ്ഥ, ആത്മാവിന്റെ രക്ഷ, നിത്യതയുടെ യാഥാർത്ഥ്യം എല്ലാം ബൈബിള ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആദ്യം മുതൽ അവസാനം വരെ സുവ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. കർത്താവു അരുളിച്ചെയ്ത വചനം മാത്രം സത്യമാകുന്നു. ഇന്നു സംഭവിച്ചുകൊണ്ടിരിക്കുന്നതും ഇനി സംഭവിക്കാനിരിക്കുന്നതും വെളിപ്പെടുത്തിയിരിക്കയാണ്. അതുകൊണ്ടു വചനത്തിൽ പൂർണ്ണമായി ആശ്രയിക്കാം.

## നീക്കംവന്നിട്ടില്ല

ദൈവത്തിന്റെ അരുളപ്പാടു ലഭിച്ചിട്ടുള്ളവരെ ദേവന്മാർ എന്നു പറഞ്ഞു എങ്കിൽ-തിരുവെഴുത്തിനു നീക്കം വന്നുകൂടായല്ലോ (യോഹന്നാൻ 10:35). യേശുവിന്റെ ഈ പ്രസ്താവന കേട്ടു യഹൂദന്മാർ യേശുവിനെ കല്ലെറിയുവാൻ ഭാവിച്ചു. കാരണം അവൻ ദൈവം എന്ന വാക്കു തനിക്കു എടുത്തു എന്നതായിരുന്നു. ഇതിനുള്ള അവകാശം തനിക്കുണ്ടെന്നു തിരുവെഴുത്തു ഉദ്ധരിച്ചു യേശു പറഞ്ഞു. ദൈവത്തിന്റെ അരുളപ്പാടു പ്രസ്താവിക്കുവാൻ നിയോഗിക്കപ്പെട്ടവരെ ദേവന്മാർ എന്നു പഴയ നിയമകാലത്തു പറഞ്ഞിരുന്നതായി വചനത്തിൽ തെളിവുണ്ട് (സങ്കീർത്തനങ്ങൾ 82:6). ആകയാൽ ദൈവം അഭിഷേകം ചെയ്തയച്ച ദൈവത്തിന്റെ പ്രതിരൂപമായ പ്രതിനിധിയായി വന്നവനു ദൈവമെന്നു പറയുവാൻ അധികാരമുണ്ട്. ദൈവവചനം ആർക്കും മുറിക്കുവാൻ അധികാരമില്ല. അതു തികച്ചും പൂർണ്ണമാണ്. ഒരുനാളും നീങ്ങിപോകാത്ത വചനമാണ് നമുക്കുള്ളതു. ബൈബിളിലെ പ്രസ്താവനകളും ഉപദേശങ്ങളും വാഗ്ദാനങ്ങളും മുന്നറിയിപ്പുകളുമെല്ലാം കുറവില്ലാത്തതാണ്. ആർക്കും നശിപ്പിക്കാൻ കഴിയാത്തതും, നിഷേധിക്കാൻ പറ്റാത്തതും, വിമർശിക്കപ്പെടാൻ വകയില്ലാത്തതും ഒരിക്കലും മാറ്റം വരുത്തുവാനോ എതിർക്കുവാനോ കാര്യമായി ഒന്നുമില്ലാത്തതുമാണ്. അതിലെ ഒരു വാക്കു പോലും പാഴായി പോകുന്നതല്ല. ഏതൊരു മനുഷ്യനും പ്രയോജനപ്രദമായി നിലകൊള്ളുന്നതാണ് തിരുവചനം.

## ബന്ധിക്കാവുന്നതല്ല

ഒന്നാം നൂറ്റാണ്ടിൽ ദൈവ വചനം അറിയിച്ച അപ്പൊസ്തലന്മാരെ റോമാ പടയാളികൾ ബന്ധിക്കയുണ്ടായി. എന്നാൽ ദൈവം

അവരെ മോചിപ്പിച്ചു. ദൈവ വചനഘോഷണത്തെ തടയുവാൻ ആളുകളെ ബന്ധിച്ചാലും അപ്പോസ്തലന്മാരുടെ നാവുകളെ ബന്ധിക്കാൻ പറ്റുകയില്ലല്ലൊ. അപ്പൊസ്തലനായ പൗലൊസ് പറയുന്നതു: അതാകുന്നു എന്റെ സുവിശേഷം. അതു അറിയിക്കുന്നതിൽ ഞാൻ ദുഷ്പ്രവൃത്തിക്കാരൻ എന്നപോലെ ചങ്ങല ധരിച്ചു കഷ്ടം സഹിക്കുന്നു. ദൈവവചനം സംസാരിച്ച പലരെയും കൊന്നൊടുക്കി. പക്ഷെ ദൈവ വചനം ഇന്നും സത്യമായി നിലകൊള്ളുന്നു. മനുഷ്യ ജീവിതത്തെ സ്പർശിക്കുന്നു. അതിനെ ബന്ധിച്ചു നിർത്താൻ ആർക്കും കഴിയുകയില്ല. അതിലെ ഒരു വാക്കുപോലും ആർക്കും നശിപ്പിക്കാൻ പറ്റുകയില്ല.

## കുഴിച്ചിടാവുന്നതല്ല

ജീവനും ചൈതന്യവും ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയുള്ളതുമാണ് വചനം (എബ്രായർ 4:12). കർത്താവിന്റെ വചനമോ എന്നേക്കും നിലനില്ക്കുന്നു (1പത്രൊസ്1:25). മുൻകാലങ്ങളിൽ ബൈബിൾ കുഴിച്ചിടാൻ ശ്രമിച്ചവരുണ്ട്. ബൈബിളിന്റെ കോപ്പി കൈവശമുള്ള ഏതൊരാളെയും വധ ശിക്ഷക്കു വിധിക്കുമെന്നു ഡയോക്ലീഷൻ എന്ന ചക്രവർത്തി ആജ്ഞ പുറപ്പെടുവിച്ചിരുന്നു. ബൈബിൾ ഭൂമിയിൽ നിന്നു നീക്കം ചെയ്യുവാനായിട്ടാണ് അയാൾ അതു ചെയ്തതു. എന്നാൽ ചുരുങ്ങിയ വർഷങ്ങൾക്കു ശേഷം വന്ന കോൺസ്റ്റൻഡയിൻ എന്ന ചക്രവർത്തി ബൈബിൾ അച്ചടിച്ചു സാധാരണക്കാർക്കെല്ലാം വിതരണം ചെയ്യാൻ കല്പന പുറപ്പെടുവിച്ചു. ഇന്നു ഏറ്റവും കൂടുതൽ ഭാഷകളിൽ തർജ്ജിമ ചെയ്തു അച്ചടിച്ചു വിതരണം ചെയ്യുന്ന പുസ്തകം ബൈബിൾ തന്നെയാണ്.

✶

# പാട്ടു പാടലിന്റെ പ്രാധാന്യം

ക്രിസ്ത്യാനിത്വത്തിൽ ഉൾപ്പെട്ടിരിക്കുന്ന ഒന്നാണല്ലോ ഗാനം. വീടുകളിലും പരസ്യ യോഗങ്ങളിലും ആരാധനയിലും ഗാനം ആലപിക്കാറുണ്ട്. ഗാനങ്ങൾ ഇഷ്ടമല്ലാത്തവർ മനുഷ്യർക്കിടയിൽ കാണു

ന്നതു വിരളമാണ്. ദൈവത്തിന്നു മഹത്വവും പുകഴ്ച്ചയും കൊടുക്കുന്ന ഒന്നാണ് ഗാനം. മധുരമായ ഗാനം കേൾവിക്കാരെ കോരിത്തരിപ്പിക്കും. പ്രത്യാശയും ഉണർവ്വും സന്തോഷവും, സഭ ഒന്നിച്ചു പാട്ടു പാടുമ്പോൾ പുറപ്പെടുവിക്കുന്നു. വിശ്വസ്തരായിരിക്കുന്നതിനു ആളുകളെ പ്രചോദിപ്പിക്കുകയാണ് ഇതു. കൂടാതെ ധൈര്യവും സഹായവും സ്നേഹവും ദയയും പ്രദർശിപ്പിക്കുന്നതിനു ഉത്തേജനം നൽകുന്നു. ബൈബിളിൽ ശ്രദ്ധിക്കപ്പെടുന്ന രീതിയിലാണ് ഗാനാലാപനത്തെ പറ്റി പറഞ്ഞിരിക്കുന്നത്. അടിമത്വത്തിലായിരുന്ന ഇസ്രായേൽ ജനത്തെ ദൈവം മിസ്രയീമിൽ നിന്നു അത്ഭുതകരമായി കൊണ്ടു വന്നപ്പോൾ അവർ ദൈവത്തിനു നന്ദി ചെലുത്തി പാട്ടു പാടുകയുണ്ടായി.

മോശെയും യിസ്രായേൽ മക്കളും അന്നു യഹോവക്കു സങ്കീർത്തനം പാടി ചൊല്ലിയതു എന്തെന്നാൽ: ഞാൻ യഹോവെക്കു പാട്ടു പാടും: അവൻ മഹോന്നതൻ; കുതിരയേയും അതിന്മേൽ ഇരുന്നവനേയും അവൻ കടലിൽ തള്ളിയിട്ടിരിക്കുന്നു; എന്റെ ബലവും എന്റെ ഗീതവും യഹോവക്കത്രേ; അവൻ എനിക്കു രക്ഷയായി തീർന്നു; അവൻ എന്റെ ദൈവം; ഞാൻ അവനെ സ്തുതിക്കും. അവൻ എന്റെ പിതാവിൻ ദൈവം; ഞാൻ അവനെ പുകഴ്ത്തും (പുറപ്പാട് 15:1–,2). ദൈവത്തിന്റെ സുരക്ഷിതത്വത്തിനും അവന്റെ മനോഹരമായ അനുഗ്രഹങ്ങൾക്കും അവർ പാട്ടിലൂടെ നന്ദി ചെലുത്തുകയാണ് ചെയ്തതു. നാം മനുഷ്യരോടും ദൈവത്തോടും നന്ദിയുള്ളവരായിരിക്കണം. നമുക്കു ലഭിക്കുന്ന ഉപകാരങ്ങളെ നാം അനുസ്മരിക്കണം; അതു നാം മറക്കരുത്.

ദൈവ ജനം ദൈവത്തെ പാടി പുകഴ്ത്തേണ്ട ആവശ്യത്തെ സങ്കീർത്തന പുസ്തകങ്ങളിൽ ഊന്നി പറയുന്നുണ്ട്. നാം ഉല്ലസിച്ചു ഘോഷിച്ചു ദൈവ സന്നിധിയിൽ എത്തുന്നതു ദൈവത്തിനു പ്രസാദകരമാണ്. രക്ഷയുടെ ദൈവത്തിനു ആർപ്പിടുവാനായി സങ്കീർത്തനക്കാരൻ പറയുന്നുണ്ട് (സങ്കീർത്തനം 95:1). എന്റെ ആയുഷ്ക്കാലത്തൊക്കെയും ഞാൻ യഹോവെക്കു പാടും; ഞാൻ ഉള്ളേടത്തോളം എന്റെ ദൈവത്തിനു കീർത്തനം പാടും (സങ്കിർത്തനം 104:33). ഒരിക്കലും അവസാനിക്കാതെ ചെയ്യേണ്ട ഒന്നാണ് പാട്ടു പാടൽ. മനസിനു കുളിർമ നല്കുന്ന ഒന്നാണ് ഗാനങ്ങൾ.

കർത്താവു തന്റെ രക്തം കൊടുത്തു സമ്പാദിച്ച സഭ കീർത്തനങ്ങൾ ആലപിക്കുന്ന സഭയാണ്. എഫെസൊസിലെ സഭക്കു പൗലൊസ് പ്രബോധിപ്പിക്കുന്നതു "വീഞ്ഞു കുടിച്ചിട്ടു മത്തരാകരുതു; അതിനാൽ ദുർന്നടപ്പു ഉണ്ടാകുമല്ലോ; അത്മാവു നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീയ ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവനു എല്ലായ്പോഴും എല്ലാറ്റിനുവേണ്ടിയും സ്തോത്രം ചെയ്തുകൊൾവിൻ (എഫെസ്യർ 5:18-20). മർക്കൊസിന്റെ സുവിശേഷത്തിലും "അവർ സ്തോത്രം പാടിയശേഷം ഒലിവു മലെക്കു പോയി" എന്നു നാം വായിക്കുന്നുണ്ട് (മർക്കൊസ് 14:26). ആരാധനയിൽ പാട്ടു പാടുന്നതിന്റെ പ്രാധാന്യം വളരെ വ്യക്തമാണ്.

## ആശ്രയ പ്രഖ്യാപനമാണ് പാട്ടുപാടൽ

ക്രിസ്തീയ ജീവിതത്തിലെ തർക്കരഹിതമായ ഒരു ഘടകമാണ് ആശ്രയം. സകല അനുഗ്രഹങ്ങൾക്കും സഹായങ്ങൾക്കും ദൈവത്തിൽ അർപ്പിക്കുന്ന വിശ്വാസമാണതു. വിശ്വാസം കൂടാതെ ആർക്കും ദൈവത്തെ പ്രസാദിപ്പിക്കാവുന്നതല്ല. അവന്റെ അടുക്കൽ വരുന്നവർ ദൈവമുണ്ടെന്നും അവനോട് അടുക്കുന്നവർക്കു പ്രതിഫലം കൊടുക്കുവാൻ അവനു കഴിയുമെന്നും വിശ്വസിക്കേണ്ടതാകുന്നു (എബ്രായർ 11:6). ഈ വിശ്വാസം, ആശ്രയം എന്നതു ഇളകാത്തതായിരിക്കണം. ദൈവത്തിലുള്ള വിശ്വാസം ഉറപ്പുള്ളതായിരിക്കണം. എങ്കിലേ അതിന്റെ ഫലം നമുക്കു അനുഭവിക്കാനാകു. "അങ്ങനെ നാം ഇനി മനുഷ്യരുടെ ചതിയാലും ഉപായത്താലും തെറ്റിച്ചു കളയുന്ന തന്ത്രങ്ങളിൽ കുടുങ്ങിപോകുവാൻ തക്കവണ്ണം ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുന്ന ശിശുക്കൾ ആയിരിക്കാതെ സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ടു ക്രിസ്തുഎന്ന തലയോളം സകലത്തിലും വളരുവാൻ ഇടയാകും (എഫെസ്യർ 4:14,15).

വിശ്വാസത്തിനു ഇളക്കം തട്ടിയവർക്കു ഹൃദയം തുറന്നു പാടാൻ കഴിയുകയില്ല. കാരണം അവരുടെ ഹൃദയത്തിൽ ദുഃഖമായിരിക്കും. ഹൃദയത്തിൽ സന്തോഷമുള്ളവർ പാട്ടുപാടുക തന്നേ ചെയ്യും. യേശു

വിൽ, ദൈവത്തിൽ, വചനത്തിൽ പൂർണ്ണവിശ്വാസം അർപ്പിക്കുന്ന പാട്ടുകൾ ഉണ്ട്. സഭയിൽ ആത്മീയബന്ധത്തെ ഉറപ്പിക്കുന്ന ഗാനങ്ങൾ ഉണ്ട്. വിശ്വസ്തരായ ദൈവ മക്കളുടെ ഹൃദയത്തെ ബലപ്പെടുത്തുന്നതാണ് ഗാനങ്ങൾ. ദൈവത്തിന്റെ ഭവനത്തിൽ നിന്നു നാം അകന്നു പോകാതിരിക്കുന്നതിനു നമ്മെ ഉത്തേജിപ്പിക്കുന്നവയാണ് ആത്മീയ ഗീതങ്ങൾ. തമ്മിൽ പ്രബോധിപ്പിക്കുവാനും ഉത്തേജനം നല്കേണ്ടതിനുമാണ് ദൈവം നമ്മുടെ വിശ്വാസം വളർത്തി ആത്മീക വർദ്ധന പ്രാപിക്കേണ്ടതിനും സഹായിക്കുന്നതാണ് പാട്ടുകൾ.

## ആരാധനാ പ്രവൃത്തിയാണ് പാട്ടുപാടൽ

ദൈവത്താൽ അംഗീകരിക്കപ്പെട്ട ഒന്നാണ് ഗാനാലാപം ദൈവീകാരാധന തന്നെയാണ് ദൈവേഷ്ടപ്രകാരമുള്ള കീർത്തനങ്ങൾ. രണ്ടു വിധത്തിലുള്ള പാട്ടുകളാണ് ഇന്നു നിലവിലുള്ളതു. ഒന്നു ഉപകരണങ്ങൾ ഉപയോഗിച്ചുള്ള സംഗീതം. മറ്റൊന്നു ഉപകരണങ്ങൾ ഇല്ലാതെ വായികൊണ്ടു മാത്രം പാടുന്നതു. പുതിയ നിയമാരാധനയിൽ ഉപയോഗിക്കുവാൻ ദൈവം ആവശ്യപ്പെട്ടിരിക്കുന്നതു വായികൊണ്ടുള്ള പാട്ടുകൾ അഥവാ ഹൃദയത്തിൽ നിന്നു വരുന്ന ഗാനങ്ങൾ ആണ്. നാം മുൻപ് വായിച്ച വേദഭാഗങ്ങളിൽ ഹൃദയത്തിൽ പാട്ടുപാടി ദൈവത്തെ സ്തുതിക്കുവാൻ എഫേസ്യ ലേഖനത്തിൽ നിന്നു ഗ്രഹിക്കുന്നു(എഫെസ്യർ 5:18,19). സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീയ ഗീതങ്ങളാലും തമ്മിൽ പഠിപ്പിച്ചും ബുദ്ധിയുപദേശിച്ചും നന്ദിയോടെ നിങ്ങളുടെ ഹൃദയത്തിൽ ദൈവത്തിനു പാടിയും ഇങ്ങനെ ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി സകല ജ്ഞാനത്തോടും കൂടെ നിങ്ങളിൽ വസിക്കട്ടെ(കൊലൊസ്യർ 3:16).

ദൈവത്തെ ആരാധിക്കുന്നതു ദൈവേഷ്ട പ്രകാരമായിരിക്കണം. യേശു ശമര്യക്കാരിയായ സ്ത്രീയോടു: ദൈവം ആത്മാവാകുന്നു; അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കേണം എന്നത്രേ പറഞ്ഞത് (യോഹന്നാൻ 4:24). ഹൃദയവും ദൈവവും തമ്മിലുള്ള ഐക്യത ആവശ്യമാണ്.

✶

# നിങ്ങളുടെ കഴിവുകളിൽ നിങ്ങൾ പ്രശംസിക്കാറുണ്ടോ ?

## ഫ്രാൻസിസ് ഡേവിഡ്

സഭയിൽ കൂടിവരുന്ന ആളുകൾ വ്യത്യസ്ത പശ്ചാത്തലങ്ങളിൽ നിന്നു വരുന്നവരാണ്. ദരിദ്രരും സമ്പന്നരും കാണും. ചിലർ വിദ്യാസമ്പന്നരും മറ്റു ചിലർ കുറഞ്ഞ വിദ്യാഭ്യാസം ഉള്ളവരും ആയിരിക്കും. എന്നാൽ കർത്താവിലായി തീരുന്നവർ, കർത്താവിന്റെ സഭയിലായി തീരുന്നവരുടെ മനസിൽ ഇതൊന്നും ആയിരിക്കരുതു ചിന്ത. മുകളിൽ പറഞ്ഞ കാര്യങ്ങളിൽ ചിലർക്കു വ്യക്തിപരമായി അഭിമാനിക്കാം. പക്ഷെ യഥാർത്ഥ സന്തോഷം അവയിൽ ഒന്നുമല്ല. ക്രിസ്തുവിൽ ആകുന്നതോടെ നാം ദൈവമക്കളായി തീരുകയാണ്. ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കൾ ആകുന്നു. ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ അവനെ ധരിച്ചിരിക്കുന്നു (ഗലാത്യർ 3:27). ക്രിസ്ത്യാനികളായി തീരുന്നവരിലെല്ലാം ചില കഴിവുകൾ ഉണ്ട്. ആ കഴിവുകൾ സ്വന്ത അഭിമാനത്തിനായി ഉപയോഗിക്കാതെ ദൈവ മഹത്വത്തിനായി ഉപയോഗിക്കണം.

ചിലർക്കു നന്നായി പാട്ടു പാടുവാനുള്ള കഴിവുണ്ട്. വേറെ ചിലർക്കു ഹൃദയസ്പർശിയായി പ്രാർത്ഥിക്കാനുള്ള കഴിവുണ്ട്. മറ്റു ചിലർക്ക് നന്നായി പ്രസംഗിക്കാനുള്ള കഴിവുണ്ട്. പഠിപ്പിക്കാനുള്ള കഴിവുണ്ട്. സ്നേഹിക്കുവാനും ദാനം ചെയ്യുവാനും സംഘടിപ്പിക്കുവാനും പ്രശ്നങ്ങൾ പരിഹരിക്കുവാനും ഒക്കെ കഴിവുകൾ ഉള്ളവർ സഭയിലുണ്ട്. പക്ഷെ ഓരോരുത്തരുടെ കഴിവുകൾ കണ്ടെത്തി ഉപയോഗിക്കണം. ഈ കഴിവുകൾ ഉപയോഗിക്കുമ്പോൾ നാം മറ്റുള്ളവരേക്കാൾ ഉയർന്നവരെന്നോ വലിയവർ എന്നോ കണക്കാക്കരുതു. ദൈവം എല്ലാവർക്കും കഴിവുകൾ കൊടുത്തിട്ടുണ്ട്. അതു പൊതു നന്മക്കായി ഉപയോഗിക്കണം. കുഴിച്ചിടരുത്. കുഴിച്ചിട്ടാൽ അതു മറ്റാർക്കെങ്കിലും നല്കും.

ഒന്നാം നൂറ്റാണ്ടിൽ കർത്താവിന്റെ സഭയിൽ ആത്മീയ വരങ്ങളെച്ചൊല്ലി പ്രശ്നമുണ്ടായി. ഓരോരുത്തരും തങ്ങളുടെ വരത്തിൽ

പ്രശംസിക്കാൻ തുടങ്ങി. ഒരാൾക്കു കിട്ടിയ വരം മറ്റൊരാൾക്കുള്ള തിനേക്കാൾ മേന്മയുള്ളതെന്നു അവർ കരുതി. അപ്പൊസ്തലനായ പൗലൊസ് അവരെ പ്രബോധിപ്പിച്ച് പറഞ്ഞതെന്തെന്നാൽ നിങ്ങൾ എല്ലാവരും ഐകമത്യത്തിൽ ആയിരിക്കണം. ഒരു ശരീരവും പല അവയവങ്ങളുമാണ്. എല്ലാ അവയവങ്ങളും ഭിന്നിപ്പില്ലാതെ യോജിച്ച് പ്രവർത്തിച്ചാലേ ശരീരം നിലനില്ക്കയുള്ളു. യുക്തമായി പ്രവർത്തി ക്കേണ്ടതിനാണ് ദൈവം വിവിധ രൂപത്തിലും ഭാവത്തിലുമുള്ള അവ യവങ്ങളെ ശരീരത്തിൽ ഘടിപ്പിച്ചിരിക്കുന്നതു. അതുപോലെയാണ് സഭയിലുള്ളവരുടെ ആത്മീയവരങ്ങളും. എല്ലാം ദൈവത്തിൽ നിന്നാണ് ലഭിക്കുന്നതു. അതു ദൈവ മഹത്വത്തിനായി ഉപയോഗി ക്കണം. സ്വന്ത മഹിമയൊ പ്രശംസയോ ഒന്നിനും ഉപകരിക്കയില്ല.

അന്യഭാഷയിൽ സംസാരിക്കുന്നവൻ വിചാരിച്ചതു, താൻ പ്രവ ചിക്കുന്നവനേക്കാൾ വലിയവൻ എന്നാണ്. പ്രവചിക്കുന്നവൻ വിചാ രിച്ചതു, താൻ അന്യഭാഷക്കാരനേക്കാൾ ഉയർന്നവനെന്നാണ്. ദൈവ കൃപയാൽ ലഭിക്കുന്ന വരം അവർ തങ്ങളുടെ സ്വന്ത കഴിവാണെന്നു ധരിച്ചുവെച്ചു. അന്യോന്യം സ്നേഹിക്കാൻ കഴിയാതിരുന്നാൽ എത്ര നല്ല കഴിവുള്ളവരായാലും അതുകൊണ്ടു യാതൊരു പ്രയോജനവും ഇല്ല. ഞാൻ എനിക്കുള്ളതെല്ലാം അന്നദാനം ചെയ്താലും സ്നേഹ മില്ലെങ്കിൽ ഒന്നുമില്ല. മലകളെ നീക്കുവാൻ തക്ക വിശ്വാസം ഉണ്ടാ യാലും സ്നേഹമില്ലെങ്കിൽ ഒന്നുമില്ല. കുട്ടികളാണ് തങ്ങളുടെ കഴി വിൽ തുള്ളിച്ചാടുന്നതു. പക്വതയുള്ളവർ അങ്ങനെ ചെയ്യാറില്ല. നമ്മുടെ കഴിവിൽ നാം അഹങ്കരിക്കരുതു. മററുള്ളവർ നമ്മേക്കാൾ ശ്രേഷ്ഠർ എന്നാണ് നാം കരുതേണ്ടതു. മറ്റൊരാളുടെ കഴിവിനെ നാം തുച്ഛീകരിക്കരുതു. ജഡത്തിന്റെ ചിന്തയാണ് അത്തരം നിഗ ളം. ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മ യോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നേക്കാൾ ശ്രേഷ്ഠൻ എന്നു എണ്ണിക്കൊൾവിൻ (ഫിലിപ്പിയർ 2:3). ഓരോരുത്തൻ സ്വന്തഗുണമ ല്ല, മറ്റുള്ളവന്റെ ഗുണം കൂടെ നോക്കികൊൾവിൻ. കർത്താവു കാണിച്ചു തന്ന നല്ല മനോഭാവം തന്നെ നമ്മിലും ഉണ്ടാകണം.

അഹങ്കാരത്തെ ബൈബിൾ എതിർക്കുന്നു. 'ഞാൻ എന്ന ഭാവം ഏതൊരാളെയും അധഃപതിപ്പിക്കും. പഴയനിയമത്തിൻ കീഴിൽ ജനി ച്ചവരും പുതിയനിയമത്തിൻ കീഴിലായിരിക്കുന്നവരും ഈ ദുഃസ്വ

ഭാവത്തിൽ നിന്നു വിട്ടു നില്ക്കണം. ശലോമോൻ പറയുന്നതു: "ആറു കാര്യം യഹോവ വെറുക്കുന്നു: ഏഴുകാര്യം അവന്നു അറപ്പാകുന്നു; ഗർവ്വമുള്ള കണ്ണും വ്യാജമുള്ള നാവും കുറ്റമില്ലാത്ത രക്തം ചൊരിയുന്ന കയ്യും ദുരുപായം നിരൂപിക്കുന്ന ഹൃദയവും ദോഷത്തിനു ബദ്ധപ്പെട്ടു ഓടുന്ന കാലും ഭോഷ്കു പറയുന്ന കള്ള സാക്ഷിയും സഹോദരന്മാരുടെ ഇടയിൽ വഴക്കുണ്ടാക്കുന്നവനും തന്നേ (സദൃശവാക്യങ്ങൾ 6:16-19). അതുകൊണ്ടു ഗർവ്വം ഉണ്ടാകാതെ നോക്കണം. ഗർവ്വികളോടുകൂടെ കവർച്ച പങ്കിടുന്നതിനേക്കാൾ താഴ്മയുള്ളവരോടുകൂടെ താഴ്മയുള്ളവനായിരിക്കുന്നതു വല്ലതു. നിഗളം മനുഷ്യനെ വീഴ്ത്തികളയും. നാം നമ്മുടെ കഴിവിൽ ആശ്രയിച്ചാൽ പരാജയം ഉറപ്പാണ്. അതിന്റെ ഉറവിടം ദൈവമാണെന്നു തിരിച്ചറിയണം. ദൈവം അറിയാതെ നമ്മുടെ ജീവിതത്തിൽ ഒന്നും സംഭവിക്കയില്ല. ദൈവ മുൻപാകെ നാം താഴ്ന്നാൽ ദൈവം നമ്മെ ഉയർത്തും. ദൈവത്തിൽ നിന്നല്ലാതെ നമുക്കു ഒന്നും കിട്ടുന്നില്ല.

ഉപദേഷ്ടാക്കന്മാരും സുവിശേഷകന്മാരും അതു നന്നായി മനസിലാക്കണം. പിശാച് മനുഷ്യരെ വീഴ്ത്തുവാനാണ് ഇത്തരം ദുസ്വാഭാവത്തിൽ അവരെ കുടുക്കുന്നതു. അതുകൊണ്ടു അവർ പ്രത്യേകം ശ്രദ്ധിക്കണം. ഗർവ്വം ബൈബിളിൽ നിഷിദ്ധമായതിനാൽ എല്ലാവരും അതുപേക്ഷിക്കണം.നിങ്ങൾ ഒരു സാധാരണക്കാരനായാലും സുവിശേഷകനായാലും കിട്ടിയ കഴിവുകൾ ദൈവത്താലാണെന്നും. അഹങ്കരിച്ചാൽ ദൈവം അവസരം നിക്ഷേധിച്ചുകളയുമെന്നും തിരിച്ചറിയണം. ദുഷ്ടനു നാം അവസരം കൊടുക്കരുതു. ജഡത്തിൽ വസിക്കുന്നവരായതുകൊണ്ടു അവൻ ജഡിക ഇഛകൾ നമ്മിൽ കൊണ്ടുവരുമെന്നു അറിയണം. നാം ഉയർന്നവരാണെന്നു നമ്മെത്തന്നെ വിധിക്കുമ്പോൾ മറ്റുള്ളവരെ താഴ്ന്നവരായി കാണുന്നു. അത് ദൈവം വെറുക്കുന്ന ഒന്നാണ്. ദൈവത്തിനു മുഖപക്ഷമില്ല. എല്ലാവരേയും തുല്യരായി വേണം കാണുവാൻ.

നാശത്തിലേക്കു നയിക്കുന്ന അഹങ്കാരം ഉപേക്ഷിക്കണം. നമ്മുടെ മറ്റു കഴിവുകൾ നിശേഷം എടുത്തുകളയുകയോ നിഷ്പ്രഭമാക്കുകയോ ചെയ്യുന്ന ഈ ദുഷ്പ്രവണതയെ ആരംഭത്തിൽ തന്നെ നുള്ളിക്കളയണം. ഈ മാരക പാപത്തിനിരയായി കഴിവുള്ള എത്രയോ അദ്ധ്യാപകന്മാർ ഒന്നുമല്ലാതായി തീർന്നിട്ടുണ്ട്. സഭ

കൾക്കും കുടുംബത്തിനും സമൂഹത്തിനും അതു ദോഷമാകയാൽ അതിനു പകരം നമ്മുടെ യജമാനന്റെ താഴ്മ നമുക്കു എടുക്കാം. ദൈവം തന്നാലല്ലാതെ നമ്മിൽ ഒന്നും കാണുകയില്ല എന്നും അതു നിലനില്ക്കുവാൻ ദൈവ സഹായം ആവശ്യമാണെന്നും ഓർക്കുക. കഴിവുകൾ ദൈവനാമ മഹത്വത്തിനും സഭയുടെ ആത്മീക വർദ്ധനവിനും ആത്മാക്കളുടെ രക്ഷക്കുമായി ഉപയോഗിക്കുക. അതാണു നമ്മെ കുറിച്ചുള്ള ദൈവേഷ്ടം.

✶

# ഉറപ്പും ധൈര്യവും ഉള്ളവനാകുക

## ഡേവിഡ് റ്റി.

ദൈവം ആഗ്രഹിക്കുന്ന രീതിയിൽ എത്തിച്ചേരുവാൻ ലോകം മുഴുവനുമുള്ള സഭകൾ പോരാടുകയാണ്. ദൈവത്തെ ഏറ്റവും നല്ല രീതിയിൽ എങ്ങനെ സേവിക്കാമെന്ന ആശയത്തിലും രീതിയിലും ഓരോ പ്രദേശത്തുമുള്ളവർ പോരാടുകയാണ്. അവയിൽ, ഒരു പ്രത്യേക പ്രദേശത്തു ദൈവം തുറന്നു കൊടുക്കുന്ന അവസരവും ഉൾപ്പെടുന്നു. വിശ്വാസികളുടെ കൂട്ടമായി അവർ നേരിടുന്ന സാഹചര്യം എങ്ങനെ ഉപയോഗിക്കുന്നു എന്നതു പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. സഭകളും സഭാദ്ധ്യക്ഷന്മാരും സഭയെ മുൻപോട്ടു നയിക്കുവാനായി പരിശ്രമിച്ചുകൊണ്ടിരിക്കയാണ്. ദൈവ ജനത്തെ വിജയത്തിലേക്കു നയിച്ചുകൊണ്ടിരിക്കയാണ്. ദൈവ ജനത്തെ വിജയത്തിലേക്കു നയിച്ചുകൊണ്ടു പോകുവാനുള്ള ദൈവ വഴി സ്വീകരിക്കുവാനാണ് അവർ പാടുപെടുന്നതു.

ശ്രേഷ്ഠ വിജയത്തിലേക്കു ആളുകളെ എങ്ങനെ നയിക്കാമെന്നു യോശുവയുടെ പുസ്തകം ഒന്നാം അദ്ധ്യായത്തിൽ നിന്നു ചില തത്വങ്ങൾ മനസിലാക്കാം. മോശെയുടെ നേതൃത്വത്തിൽ യിസ്രായേൽ ജനം നാല്പതുവർഷം മരുഭൂമിയിൽ കഴിച്ചുകൂട്ടി. ആ കാലയളവിൽ അവർക്കു സ്ഥിരമായ ഭവനങ്ങൾ ഇല്ലായിരുന്നു. അവരുടെ പ്രായം ചെന്നവരെല്ലാം മരിച്ചുപോയി. അതിലുപരി ഇപ്പോൾ നേതൃത്വത്തിനു മാറ്റം വരികയാണ്. മോശെ മരിച്ചതുകൊണ്ടു യിസ്രാ

യേലിനെ നയിക്കുവാൻ ദൈവം യോശുവയെ നിയമിച്ചു. വാഗ്ദത്ത ദേശമായ കനാനിലേക്കു അവർ പോകണം. പുറകോട്ടു പിന്തിരിയുവാനല്ല മുൻപോട്ടു തന്നെ അവർ ഗമിക്കണം. ദൈവം അവർക്കു മുൻപിൽ വെച്ചിരിക്കുന്നതു നേടിയെടുക്കാൻ അവർ എന്തെങ്കിലും ചെയ്യണം. അതുകൊണ്ടു ദൈവം അവർക്കു ഒരു പദ്ധതി കൊടുത്തു അതു വിശ്വസിക്കേണ്ടതും അനുസരിച്ചു പിൻപറ്റേണ്ടതുമായ ഒരു വെല്ലുവിളിയായിരുന്നു അവർ നേരിട്ടതു. പ്രായോഗികമായി നടപ്പാക്കാവുന്ന ഒരു തത്വമാണ് യോശുവ ഒന്നാം അദ്ധ്യായത്തിൽ നാം വായിക്കുന്നതു.

## കഴിഞ്ഞതു മറക്കുക

"യഹോവയുടെ ദാസനായ മോശെയുടെ മരണശേഷം യഹോവ നൂന്റെ മകനായി മോശെയുടെ ശുശ്രൂഷകനായ യോശുവയോടു അരുളിച്ചെയ്തതു: എന്റെ ദാസനായ മോശെ മരിച്ചു; ആകയാൽ നീയും ഈ ജനമൊക്കെയും പുറപ്പെട്ടു യോർദ്ദാനക്കരെ ഞാൻ യിസ്രായേൽ മക്കൾക്കു കൊടുക്കുന്ന ദേശത്തേക്കു കടന്നു പോകുവിൻ" (യോശുവ 1:1,2) എന്നു പറഞ്ഞു. ദൈവം സംസാരിക്കയാണ്. മോശെ മരിച്ചു പോയി; കഴിഞ്ഞതിനെക്കുറിച്ച് ഓർത്തുകൊണ്ടിരിക്കേണ്ട സമയമല്ല ഇത്. യോശുവ മുൻപോട്ടു നോക്കണം.അവർ എന്തെല്ലാം വിജയം കൈവരിച്ചു എന്നോ, എന്തെല്ലാം പരാജയം സംഭവിച്ചു എന്നോ ചിന്തിക്കുവാൻ സമയമില്ല. മുമ്പു നടന്നതെല്ലാം പുറകിലേക്കു മാറ്റി മുൻപോട്ടു ഗമിക്കേണ്ട സമയമാണ്. കർത്താവിന്റെ സഭ അതാണ് ചെയ്യേണ്ടതു.

ദൈവേഷ്ടത്തെ മാനിക്കുന്ന സഭ പുറകോട്ടല്ല, മുമ്പോട്ടായിരിക്കും നോക്കുക. അതിന്റെ അർത്ഥം നമ്മുടെ മുൻഗാമികൾ ചെയ്ത സൽപ്രവൃത്തികളെ അവഗണിക്കണം എന്നല്ല. ദൈവ ദാസന്മാരുടെ ദശസംവത്സരങ്ങളുടെ പ്രയത്ന ഫലമായി ധാരാളം നല്ല സഭകൾ ഉടലെടുത്തിട്ടുണ്ട്. ആ ശുശ്രൂഷകന്മാരെയും അവരുടെ സേവനത്തെയും നാം മാനിക്കണം. നാം നമ്മുടെ ഭൂതകാലത്തിൽ ജീവിക്കുവാനല്ല. ദൈവം ആഗ്രഹിക്കുന്നതു. കനാൻ ദേശം യിസ്രായേൽ ജനത്തിനു മുന്നിലായിരുന്നു. അവർ അവിടേക്കു കടന്നു ചെന്നു ദേശം കൈവശപ്പെടുത്തണമായിരുന്നു. നല്ല പഴയ കാലത്തിൽ

നമുക്കു ഇനി ജീവിക്കാൻ സാദ്ധ്യമല്ല. യോശുവ, ആളുകളെ മുൻപോട്ടു നയിക്കേണ്ടിയിരുന്നു. അതിന്റെ ആരംഭമായി ദൈവം അവനെ ഓർമ്മിപ്പിച്ചു: മോശെ മരിച്ചു പോയി.

✶

# ക്രിസ്തുവിന്റെ സഭ നാമധേയ വിഭാഗമോ?

## വാൾട്ടർ സ്വെയിം

ഇന്നു കർത്താവിന്റെ സഭ നേരിടുന്ന വലിയോരു ചോദ്യമാണ് ക്രിസ്തുവിന്റെ സഭ നാമധേയമോ എന്നതു. ആ ചോദ്യം ചോദിക്കുന്നതു തന്നെ അസാധാരണമാണ് എന്നു തോന്നാം. സഭയ്ക്കു പുറത്തുള്ളവർ ആ ചോദ്യം ചോദിക്കുമെങ്കിൽ നമുക്കു ഊഹിക്കാവുന്നതേയുള്ളു. എന്നാൽ സഭയിൽ ചിലർ അത്തരത്തിൽ കണക്കാക്കുമ്പോൾ വളരെ ഖേദം തോന്നുന്നു. കാര്യങ്ങളെ വിവേചിച്ചു മനസിലാക്കുന്നതിലുള്ള വീഴ്ച്ചയാണ് അതെന്നു നിസംശയം പറയാം

സഭ എന്താണെന്നറിഞ്ഞുകൂടാത്തവർക്കു എല്ലാം ഒരു പോലെയേ തോന്നു. എന്നാൽ ദൈവത്തിന്റെ ജ്ഞാനം മുഴുവനും വെളിപ്പെടുത്തിയിരിക്കുന്നതിനാൽ, അതു സഭയിലാകയാൽ അങ്ങനെയുള്ള ചോദ്യം സഭാംഗങ്ങളിൽനിന്നുയരുമ്പോൾ വചന പരിജ്ഞാനം അവർക്കില്ലല്ലോ എന്നതാണ് ദുഃഖമുളവാക്കുന്നത്. ആളുകൾ ബൈബിളിലേക്കു തിരിച്ചു വരുവാനുള്ള കാരണം, തിരുവെഴുത്തുകളിൽ നിന്നു അവർ വളരെ ദൂരെ പോയതുകൊണ്ടാണ്. യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർ ഒന്നായി തീരണമെന്നായിരുന്നു ദൈവേഷ്ടം. എന്നാൽ പ്രാരംഭത്തിൽ ഒന്നായിരുന്ന സഭ പിന്നീട് വിഭജിക്കപ്പെട്ടു. എണ്ണമറ്റ വിഭാഗങ്ങളായി തീർന്നു. അതിനു മാനുഷികമായ പല കാരണങ്ങൾ ഉണ്ടായിരുന്നു. ദൈവം ഭിന്നത വെറുക്കുന്നു. ആത്മാവിന്റെ ഐക്യത സമാധാന ബന്ധത്തിൽ കാത്തു സൂക്ഷിക്കാനാണ് ദൈവം തന്റെ വചനത്താൽ നമ്മെ ഏക പ്രത്യാശയിലേക്കു വിളിച്ചിരിക്കുന്നതു (എഫെസ്യർ 4:3). പിൻ വാങ്ങി പോയ

വർ വീണ്ടും സഭയിലേക്കു ഏകീകരിക്കപ്പെട്ടു വരണമെന്നതാണ് ദൈവത്തിന്റെ ഉദ്ദേശം.

തിരുവചന പഠനത്തിലൂടെ നമുക്കു മുകളിൽ ചോദിച്ച ചോദ്യത്തിനു ഉത്തരം കണ്ടെത്താം. അതിനായി രണ്ടു ചോദ്യങ്ങളായി ഇതിനെ വിഭജിച്ചു മനസിലാക്കാം. ഒന്നാമതായി ക്രിസ്തുവിന്റെ സഭ എന്നാൽ എന്താണെന്നു നോക്കാം. അതിനുശേഷം നാമധേയ വിഭാഗം എന്നാൽ എന്തെന്നും അറിയേണ്ടതുണ്ട്. ഈ രണ്ടു ചോദ്യങ്ങളുടെയും ഉത്തരം വ്യത്യസ്തമാണെങ്കിൽ ക്രിസ്തുവിന്റെ സഭ നാമധേയ വിഭാഗം ആകയില്ല എന്നു നമുക്കു ഉറപ്പിക്കും.

## ക്രിസ്തുവിന്റെ സഭ എന്നാൽ എന്തു?

1. അതു താൻ പണിയുമെന്നു പറഞ്ഞതും ക്രിസ്തു പണിതതുമായ സഭയാണ് (മത്തായി 16:18). തന്റെ പരസ്യശുശ്രുഷാ വേളയിലാണ് ശിഷ്യന്മാരോടു ഈ വാഗ്ദാനം ചെയ്യുന്നതു. അപ്രകാരം അവൻ പണിതതായ ഏക സഭയാണ് ബൈബിളിൽ ഉള്ളതു.

2. അതു പെന്തെക്കൊസ്തു നാളിൽ ആരംഭിച്ച സഭയാണ്. യെരുശലേമിൽ എ.ഡി 33 ൽ ആരംഭിച്ചതാണ് അതു. കർത്താവിന്റെ സഭയുടെ ജനനത്തെക്കുറിച്ച് അപ്പോസ്തലപ്രവൃത്തികൾ രണ്ടാം അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്. യെരുശലേമിൽ പെന്തെകൊസ്തു നാളിൽ ആരംഭിച്ചതല്ലാത്ത സഭ ഒന്നും കർത്താവിന്റേതല്ല.

3. കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനമ്പ്രതി സഭയോടു ചേർക്കുന്ന സഭയാണ് അതു (പ്രവൃത്തി 2:47). ക്രിസ്തുവിന്റെ സഭയിലേക്കു ആർക്കും ചേരാൻ സാദ്ധ്യമല്ല. രക്ഷിക്കുന്നവനാണ് രക്ഷിക്കപ്പെട്ടവരെ തന്റെ സഭയോടു ചേർക്കുന്നതു. ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റിരിക്കുന്നവർ അവന്റെ ശരീരമാകുന്ന സഭയിൽ പ്രവേശിക്കുന്നു. ഏകാത്മാവിനാൽ ഏക ശരീരമാകുന്ന സഭയിൽ നാം ചേർക്കപ്പെടുകയാണ്.

4. എഫെസ്യ ലേഖനത്തിൽ പറഞ്ഞിരിക്കുന്ന ഏക ശരീരമായ സഭയാണ് അതു (എഫെസ്യർ 4:4). ആ ഏക ശരീരം സഭയാണ് എന്നു കൊലൊസ്യർക്കു എഴുതുമ്പോൾ പൗലൊസ് പറയുന്നു. ശരീരം ഒന്നായിരിക്കുന്നതു പോലെ സഭയും ഒന്നു തന്നെ എന്നു

വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു.

5. ക്രിസ്തു രക്തം കൊടുത്തു സമ്പാദിച്ചതാണ് ആ സഭ (പ്രവൃത്തി 20:28). യേശുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവ സഭയുടെ കെട്ടുപണിക്കു അനിവാര്യമായിരുന്നു. മന്ദിരത്തെ പൊളിച്ചാൽ മൂന്നു നാൾ കൊണ്ടു അതു പണിയും എന്നു കർത്താവ് മുന്നറിയിച്ചിരുന്നു.

6. പുതിയ നിയമ മാതൃക പിൻപറ്റുന്ന സഭയാണതു. സംഘടനയിൽ, ധാർമ്മികതയിൽ, ആരാധനയിൽ, സുവിശേഷത്തിൽ എന്നിവയിലെല്ലാം പുതിയ മാതൃക പിൻപറ്റണം (2യോഹന്നാൻ 9-11; 2തിമൊഥെയോസ് 4:1-4; യൂദാ :3; വെളിപ്പാട് 22: 18-20).

## നാമധേയ വിഭാഗം എന്നാൽ എന്ത്?

വ്യത്യസ്തമായ നാമത്തിൽ നില്ക്കുന്ന ഒരു കൂട്ടം വിശ്വാസികളെയാണ് നാമധേയ വിശ്വാസികൾ അഥവാ നാമധേയ വിഭാഗങ്ങൾ എന്നു വിളിക്കുന്നതു. ചോദിക്കേണ്ട ചോദ്യം അവർ എന്തിൽ നിന്നു വേർതിരിച്ചു നില്ക്കുന്നവരാണ്? അല്ലെങ്കിൽ ഏതിൽ, ഏതു നാമത്തിൽ നിന്നു വേറിട്ടു നിൽക്കുന്നവരാണവർ?

ഏതോ ഒന്നിന്റെ ഭാഗമായിരുന്നിട്ടു വിഭജിക്കപ്പെട്ട ഒരു കൂട്ടമാണെന്നു ആ വാക്കിന്റെ നിർവ്വചനം തന്നെ തെളിയിക്കുന്നു. അതിനാൽ അതു വിഭജിക്കപ്പെട്ടു പലതാകുന്നില്ല. യേശുക്രിസ്തു പണിതതായ സഭയല്ല നാമധേയ വിഭാഗങ്ങൾ. കാരണം അവയെല്ലാം മറ്റു പേരുകളിലും സ്വഭാവങ്ങളിലുമാണ് അറിയപ്പെടുന്നത്. കർത്താവിന്റെ സഭയിൽ നിന്നും അവയെല്ലാം വേറിട്ടു തന്നെയാണ് നില്ക്കുന്നതു. അതുകൊണ്ടു നാമധേയ വിഭാഗങ്ങളെ ദൈവം അംഗീകരിക്കുന്നില്ല.

1. നാമധേയ വിഭാഗങ്ങൾ യേശുക്രിസ്തു പണിതതായ സഭയല്ല. യേശു പണിതതായ അവന്റെ സഭ ഒന്നുമാത്രമാണ്. നാമധേയ വിഭാഗങ്ങൾ എല്ലാം ആരംഭിച്ചതു മനുഷ്യരാലാണ്.

2. എ ഡി. 33-ൽ ആരംഭിച്ച സഭയല്ല സാമധേയ വിഭാഗങ്ങൾ. സഭാചരിത്രം പരിശോധിച്ചാൽ എല്ലാ നാമധേയ വിഭാഗങ്ങളും ആരംഭിച്ചതു അതിനു ശേഷമുള്ള ഓരോ കാലയളവിലാണ്. അതായത് കർത്താവിന്റെ സമയത്തു ആരംഭിക്കാത്തതെല്ലാം കർത്താവിന്റെ

ഹിതപ്രകാരമുള്ളതല്ല. ആകയാൽ നാമധേയ വിഭാഗങ്ങൾ ഒന്നും കർത്താവിന്റെ സഭയല്ല.

3. കർത്താവു രക്ഷിക്കപ്പെടുന്നവരെ ചേർക്കുന്ന സഭയല്ല നാമധേയ വിഭാഗങ്ങൾ. ഒരാൾ രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണമെന്നു ബൈബിൾ പഠിപ്പിക്കുന്നത് അതു പോലെയല്ല നാമധേയ വിഭാഗങ്ങൾ പഠിപ്പിക്കുന്നതു. ഒരാൾ തെറ്റു കേട്ടു, വിശ്വസിച്ചു, അനുസരിച്ചു കഴിയുമ്പോൾ രക്ഷിക്കപ്പെടുമെന്നോ കർത്താവിന്റെ സഭയോടു ചേർക്കുമെന്നോ വിചാരിക്കരുത്. മറ്റൊന്നു നാമധേയ വിഭാഗത്തിൽ ആളുകൾ ചേരുകയാണ്. എന്നാൽ കർത്താവിന്റെ സഭയിലേക്കു രക്ഷിക്കപ്പെട്ടവരെ കർത്താവു ചേർക്കുകയാണ് ചെയ്യുന്നതു. ആകയാൽ നാമധേയ വിഭാഗങ്ങൾ ദൈവമുമ്പാകെ ശരിയല്ല.

4. നാമധേയ വിഭാഗങ്ങൾ അതിന്റെ പേരനുസരിച്ചു നോക്കിയാൽതന്നെ ഏക സഭയല്ല എന്നും പേരിൽ അറിയപ്പെടുന്ന മറ്റൊരു ഭാഗമാണെന്നും വരുന്നു. അവരെല്ലാം പഠിപ്പിക്കുന്നതും വിശ്വസിക്കുതും ക്രിസ്തുവിന്റെ അദൃശ്യമായ ശരീരത്തിൽ അവരും അംഗങ്ങളാണ് എന്നാണ്. അതു കർത്താവിന് സ്വീകാര്യമല്ല.

കർത്താവ് മരിച്ചതും യാഗമായി തീർന്നതും സഭയെ വിശുദ്ധയും നിഷ്ക്കളങ്കയുമാക്കേണ്ടതിനായിരുന്നു. കർത്താവ് തന്റെ ഉപദേശമാണ് അതിലേക്ക് പ്രവേശിക്കുന്നതിന്റെ നിബന്ധനകളാക്കി വെച്ചിരിക്കുന്നത്. മാനുഷിക ഉപദേശങ്ങൾ ദൈവത്തിന്റെ വചനത്തിന് പകരമായി എടുത്തിരിക്കുന്നവരാണ് നാമധേയവിഭാഗക്കാർ. അത് ദൈവത്തെ തുഛീകരിക്കുന്നതിനു തുല്യമാണ്. കർത്താവിന്റെ വചനത്തോട് കൂട്ടുകയോ അതിൽനിന്നു എന്തെങ്കിലും മാറ്റുകയോ ചെയ്യുന്നത് ദൈവാധികാരത്തെ മാനിക്കാതിരിക്കുന്നതാണ്. തന്നെയുമല്ല, ക്രിസ്തുവിന്റെ ഉപദേശത്തിൽനിന്ന് അതിർകടന്നുപോകുന്നവന് ദൈവമില്ല എന്ന് തിരുവെഴുത്തിൽ വ്യക്തമാക്കിയിരിക്കുന്നു. തിരുവെഴുത്തിൽ രേഖപ്പെടുത്തിയതും വ്യക്തമായ അടയാളങ്ങളോടുകൂടിയതുമാണ് കർത്താവിന്റെ സഭ. അതു തിരിച്ചറിയുവാൻ ഒരു ബുദ്ധിമുട്ടുമില്ല.

✶

# അറിവു വാസ്തവത്തിൽ പ്രധാനമോ?

## ഗ്രെഗ് ഹാർമോൻ

ലൗകികമായ അറിവും ദൈവികമായ അറിവും രണ്ടു തന്നെയാണ്. ഉയരത്തിൽ നിന്നു വരുന്ന ജ്ഞാനമാണ് ദൈവത്തിന്റേതു. ലോകത്തിലുള്ളതു പൈശാചികവും പ്രാകൃതവുമാണ്. ദൈവ വചനമാണ് സത്യം. സത്യത്തെ കുറിച്ചുള്ള പരിജ്ഞാനം ഇന്നു മതപരമായ ആളുകളിൽ അധികം പേരിലും ഇല്ല എന്നു പറയേണ്ടിവരുന്നതിൽ ദുഃഖമുണ്ട്. മതത്തോടു വൈകാരികമായ ബന്ധം പുലർത്തുവാനാണ് അധികം പേർക്കും ആഗ്രഹം. സത്യവചനം പഠിക്കുവാനോ മനസിലാക്കുവാനോ അവർ സമയം ചിലവിടുന്നില്ല. അതിന്റെ ആവശ്യകതയെ അവർ ഉപേക്ഷിച്ചു കളയുന്നു. ദൈവം മനുഷ്യരുടെ ആത്മാക്കളുടെ രക്ഷക്കു ബൈബിൾ അല്ല നിദാനമെന്നു അവർ പഠിപ്പിക്കയും ചെയ്യുന്നു. പക്ഷെ ദൈവഹിതം നേരെ മറിച്ചാണ്. തന്റെ ഇഷ്ടം ദൈവം വെളിപ്പെടുത്തിയിരിക്കുന്നതു വേദപുസ്തകത്തിലാണ്. ആത്മാക്കളുടെ രക്ഷക്കുബൈബിൾ അനുസരിക്കാതെ മറ്റു മാർഗ്ഗമില്ല.

ദൈവം ഇന്നു നേരിട്ടു ആരോടും ഒന്നും സംസാരിക്കുന്നില്ല. തന്റെ പുത്രൻ മുഖാന്തരം അഥവാ അവന്റെ വചനപ്രകാരമാണ് സംസാരിക്കുന്നതു (എബ്രായർ 1:1,2). ദൈവം മനുഷ്യരുടെ രക്ഷക്കു ഒരു പദ്ധതി ഒരുക്കിയിട്ടുണ്ട്. അതു രേഖപ്പെടുത്തിയിരിക്കുന്നതു ദൈവശ്വാസിയമായ വചനത്തിലാണ്. എന്നാൽ മനുഷ്യർ കാലങ്ങളായി അതിനെ തെറ്റിദ്ധരിച്ചിരിക്കയാണ്. മനുഷ്യർക്കു അറിവു പകരുന്ന ഉപദേശങ്ങളും കല്പനകളും ബൈബിളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വളരെ പ്രാധാന്യമുള്ള ജ്ഞാനത്തെ കുറിച്ചു ബൈബിൾ എന്താണ് പഠിപ്പിക്കുന്നതെന്നു നാം പരിഗണിക്കാൻ പോകുകയാണ് ഇവിടെ.

യേശു ഒരിക്കൽ പറഞ്ഞു: സത്യം നിങ്ങൾ അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും (യോഹന്നാൻ 8:32). ഒരാൾ

സ്വതന്ത്രനാകണമെങ്കിൽ അയാൾ സത്യം അറിയണമെന്നാണ് കർത്താവ് പറിപ്പിച്ചത്. അന്ധതയിൽ നിന്നും അടിമത്വത്തിൽ നിന്നും മനുഷ്യർക്കു മോചനം കിട്ടണമെങ്കിൽ സത്യമെന്താണെന്നു അറിയണം. അല്ലെങ്കിൽ അന്ധതയിൽ അടിമപ്പെട്ടിരിക്കും. സത്യം എന്താണെന്നും സത്യത്തിന്റെ പ്രവൃത്തി എന്താണെന്നും യേശു തന്റെ പ്രാർത്ഥനയിൽ വ്യക്തമാക്കുന്നു. സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ, നിന്റെ വചനം സത്യമാകുന്നു (യോഹന്നാൻ 17:17). സത്യം അറിഞ്ഞാലേ സ്വാതന്ത്ര്യം കിട്ടുകയുള്ളു. സത്യം എന്നതു ദൈവ വചനമാണ്. അപ്പോൾ എല്ലാവരും ദൈവ വചനം അറിയണം.

പക്ഷെ നാം ഇവിടെ പ്രതിപാദിക്കുന്ന ജ്ഞാനം ഏതു വിധത്തിലുള്ളതാണ്? എന്തിനെകുറിച്ചു അറിയുക എന്നർത്ഥം വരുന്ന ഗ്രീക്കു പദമാണ് മുലഭാഷയിൽ ഉപയോഗിച്ചിട്ടുള്ളതു? അതു ലളിതവും അടിസ്ഥാനപരവുമായ വാക്കാണ്. 'എപ്പിഗ്നോസിസ്' എന്ന മൂലഭാഷയിലെ ഉപയോഗം വളരെ വ്യക്തമാണ്. ഒരു വിഷയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന, അറിയേണ്ട വസ്തുത പ്രകടമാക്കുന്ന ഒന്നാണതു. ചുരുക്കി പറഞ്ഞാൽ മനുഷ്യർ അറിയേണ്ടതിനു ദൈവം ഉൾപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ ആണ് യഥാർത്ഥമായ അറിവ്. എന്തെങ്കിലും അറിയുക എന്ന അർത്ഥത്തിലല്ല അതിന്റെ ഉപയോഗം. മറിച്ച് ദൈവോദ്ദേശം മനസിലാക്കുക എന്നതാണ്. ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ അതു തിരിച്ചറിയാൻ ശ്രമിക്കും.

സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യുമെന്ന കർത്താവിന്റെ മുന്നറിയിപ്പ് മനസിൽ ഗ്രഹിച്ചു മുന്നോട്ടു പോകാം. സത്യത്തെ അറിയുവാൻ നാം പരിശ്രമിക്കണം. "അതു നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ സന്നിധിയിൽ നല്ലതും പ്രസാദകരവുമാകുന്നു. അവൻ സകലമനുഷ്യരും രക്ഷ പ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും ഇച്ഛിക്കുന്നു . എല്ലാവരും രക്ഷിക്കപ്പെടുവാൻ എന്താണ് ആവശ്യം? സത്യത്തെക്കുറിച്ചുള്ള പരിജ്ഞാനമാണ്.

കൃപയാലല്ലോ വിശ്വാസം മൂലം നാം രക്ഷിക്കപ്പെട്ടിരിക്കുന്നു എന്നു പൗലൊസ് പറഞ്ഞിരിക്കുന്നു (എഫെസ്യർ 2:8-10). എന്നാൽ എങ്ങനെയാണ് തന്റെ കൃപ അവൻ നമ്മിൽ പകരുന്നതു. ദൈവ

ത്തിന്റെയും നമ്മുടെ കർത്താവായ യേശുവിന്റെയും പരിജ്ഞാന ത്താൽ ആണ്. തന്റെ മഹത്വത്താലും വീര്യത്താലും നമ്മെ വിളിച്ച വന്റെ പരിജ്ഞാനത്താൽ അവന്റെ ദിവ്യശക്തി ജീവനും ഭക്തിക്കും വേണ്ടിയതു ഒക്കെയും നമുക്കു ദാനം ചെയ്തിരിക്കുന്നുവല്ലോ (2 പത്രൊസ് 1:3). ലോകത്തിന്റെ മാലിന്യം വിട്ടോടുവാൻ ദൈവം രൂപ പ്പെടുത്തിയതാണ് സത്യത്തിന്റെ പരിജ്ഞാനം (2പത്രൊസ് 2:20).

ഈ ലോകത്തുള്ള ആളുകൾ ഒന്നുകിൽ ലോകത്തിലായിരിക്കും. അല്ലെങ്കിൽ സഭയിലായിരിക്കും. അതിനു രണ്ടിനും മദ്ധ്യേ ഒരു സ്ഥാന മില്ല. ലോകത്തിന്റെ മാലിന്യം വിട്ടു തിരിഞ്ഞവരെ ദൈവം തന്റെ രാജ്യത്തിലാക്കുന്നു. ഇരുട്ടിൽ നിന്നു അവർ പുത്രന്റെ രാജ്യമാകുന്ന അത്ഭുത പ്രകാശത്തിലേക്കു കടക്കുന്നു (കൊലൊസ്സ്യർ 1:3). ഇതു എങ്ങനെയാണ് സംഭവിക്കുന്നതു? സത്യത്തിന്റെ പരിജ്ഞാനത്താ ലാണ്. കർത്താവും രക്ഷിതാവുമായ യേശുവിന്റെ ഉപദേശത്താ ലാണ് സാദ്ധ്യമാകുന്നതു.

ആളുകൾ എങ്ങനെ ജീവിച്ചാലും, എങ്ങനെ ആരാധിച്ചാലും ആത്മാർത്ഥമായി ജീവിച്ചാൽ മതി എന്നു പറയുന്നതു കേട്ടിട്ടുണ്ട്. മറ്റൊന്നും അത്രകാര്യമല്ല എന്നതാണ് അവരുടെ പക്ഷം. അതു തെറ്റാ ണ്. ദൈവത്തിന്റെ ഉപദേശപ്രകാരമുള്ള ജീവിതമാണ് വേണ്ടതു. റോമയിലുണ്ടായിരുന്ന ആത്മീയ സഹോദരങ്ങൾക്കു ലേഖനമെഴു തുമ്പോൾ പൗലൊസിന്റെ ജഡപ്രകാരമുള്ള സഹോദരങ്ങളെക്കു റിച്ചു പറയുന്നതു ശ്രദ്ധിക്കുക. സഹോദരന്മാരേ, അവർ രക്ഷിക്ക പ്പെടേണം എന്നു തന്നേ എന്റെ ഹൃദയ വാഞ്ഛയും അവർക്കു വേണ്ടി ദൈവത്തോടുള്ള യാചനയും ആകുന്നു. അവർ പരിജ്ഞാ നപ്രകാരമല്ലെങ്കിലും ദൈവത്തെ സംബന്ധിച്ചു എരിവുള്ളവർ എന്നു ഞാൻ അവർക്കു സാക്ഷ്യം പറയുന്നു. അവർ ദൈവ നീതിയെ അറിയാതെ സ്വന്ത നീതി സ്ഥാപിപ്പാൻ അന്വേഷിച്ചുകൊണ്ടു ദൈവ ത്തിന്റെ നീതിക്കു കീഴ്പ്പെട്ടില്ല (റോമർ 10:1,2). രക്ഷാ പരിജ്ഞാനം ലഭിക്കാതെ സാമുദായിക നീതിയിൽ തന്നെ ഉറച്ചു നിൽക്കുന്ന എരി വുള്ളവർ ഇന്നും അനേകരുണ്ട്.

✶

# വാർത്തകൾ

## ട്രെയിൻ യാത്രാക്ലേശം

അന്യ ജില്ലയിൽ നിന്ന് കാൻസർ ചികിൽസയ്ക്കായി തലസ്ഥാനത്തെത്തുന്നവർക്കു ട്രെയിൻ ടിക്കറ്റ് ലഭിക്കാൻ നരകയാതന അനുഭവിക്കേണ്ട അവസ്ഥ. സെൻട്രൽ റയിൽവേ സ്റ്റേഷനിൽ പ്രത്യേക ക്യൂ അനുവദിക്കാത്തതും യാത്രക്കാരുടെ എണ്ണക്കൂടുതലുമാണ് കാരണം.

★

## കലി തീർക്കാൻ എത്തിയത് 4500 കിലോമീറ്റർ കാറോടിച്ച്

പിണങ്ങിപ്പോയ ഭാര്യയെ ഒപ്പം കൂട്ടാനുള്ള ശ്രമം പരാജയപ്പെട്ടതാണ് രണ്ടു പേരുടെ ജീവിതം ഇല്ലാതാക്കിയതും പ്രതിയുടെ ശിഷ്ടജീവിതം അഴിക്കുള്ളിലാക്കിയതും. കലിഫോർണിയയിൽ നിന്നു നാലായിരത്തഞ്ഞൂറിലേറെകിലോമീറ്റർ കാർ ഓടിച്ച് എത്തിയാണ് ഭാര്യക്കു നേരെ വെടിയുതിർത്തത്.

★

## മദ്യലഭ്യത കുറയ്ക്കണം

മദ്യലഭ്യത കുറയ്ക്കുകയെന്ന മുദ്രാവാക്യം ഉയർത്തി പുതിയ സർക്കാരിനു മുൻപിൽ ആദ്യ സമരത്തിന് ഇറങ്ങാൻ ജനാധിപത്യ മഹിളാ അസോസിയേഷൻ ഒരുങ്ങുന്നു. എസ്എഫ്ഐയുടെയും ഡിവൈഎഫ്ഐയുടേയും സഹകരണത്തോടെ തുടക്കം കുറിക്കയും തിരഞ്ഞെടുപ്പു കാലത്തു നിർത്തിവയ്ക്കുകയും ചെയ്ത മദ്യവിരുദ്ധ ക്യാംപയിനു പുതുജീവൻ നൽകി.

★

*Watch!*

# SATHYANADAM

## TV PROGRAME

**TRUE GOSPEL MESSAGE**

**Speaker:**

**Bro.P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

## മൂക്കിടിച്ചു തകർത്ത ഡോക്ടർ അറസ്റ്റിൽ

കാർ യാത്രക്കിടെ ഡോക്ടർ ഒപ്പമുണ്ടായിരുന്ന ഭാര്യയുടെ മൂക്കിന്റെ പാലം ഇടിച്ചു തകർത്തു. ഭാര്യയുടെ പരാതിയെ തുടർന്നു ഡോക്ടറെ പൊലിസ് അറസ്റ്റു ചെയ്തു.

✶

## യുവതി മരിച്ച സംഭവം; ഭർത്താവ് പിടിയിൽ

തഴുത്തലയിൽ വാടകവീട്ടിൽ യുവതിയെ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിൽ ഭർത്താവ് ഷാനവാസിനെ പൊലീസ് പിടികൂടിയതായി സൂചന.

✶

## തേനീച്ച ക്കൂടിളകി

വെള്ളനാറയിൽ സമുദായ പൂജയ്ക്കിടെ തേനീച്ചകളുടെ ആക്രമണത്തിൽ ഒരാൾ മരിച്ചു. വെള്ളനാറ രണ്ടിലപ്പയിൽ കറുപ്പൻ ആണു മരിച്ചത്. ഇന്നലെ രാവിലെ വെള്ളനാറ പുറട്ടീൽ മങ്ങത്തു സമുദായ പൂജയ്ക്കായ് അംഗങ്ങൾ ചേർന്നിരുന്നു. പുജയ്ക്കായി അടുപ്പ് കൂട്ടുന്നതിനിടെ പുക ഉയർന്ന് സമീപത്തെ പുളിമരത്തിലെ തേനീച്ചകൾ ഇളകി കൂട്ടത്തോടെ താഴെയുള്ള വരെ ആക്രമിക്കുകയായിരുന്നു.

✶

## രോഗത്തിന്റെ പിടിയിൽ

ബി എഡ് ക്ലാസിലിരിക്കുമ്പോൾ ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടപ്പോൾ മാരക രോഗത്തിന്റെ പിടിയിലാണു താനെന്ന് മഞ്ചുഷ ഒരിക്കലും വിചാരിച്ചില്ല. രണ്ടു വൃക്കകളും തകരാറിലായതിനെതുടർന്ന് പഠനം പുർത്തിയാക്കാൻ കഴിയുമോ എന്ന അശങ്കയിലാണ് ഇപ്പോൾ മഞ്ചുഷ.

✶

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!

## HEAR THE VOICE OF TRUTH ON RADIO
# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M.<br>TV Program - Every Saturday at 6.00 a.m. (Jai Hind TV)<br>Speaker: P.K. Varghese, **Church of christ** Thampuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M. Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S. Tvm on 23/24 June**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/09-11

Licensed to post without prepayment No. KL / TV (N) / WPP/40/2009 -11

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**

**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378